# ഡയലക്റ്റിക്സ്

കുറ്റിപ്പുഴ കൃഷ്ണപിള്ള



ഡയലക്റ്റിക്സ്

കുറ്റിപ്പുഴ കൃഷ്ണപിള്ള

(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Camp Fire, a painting by Winslow Homer (1836–1910). The image is taken from Wikimedia Commons and is gratefully acknowledged.


**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഡയലക്റ്റിക്സ്



ഹെഗൽ

'ഡയലെഗൊ' (Dialego) എന്ന യവനപദത്തിൽ നിന്നാണ് 'ഡയലക്റ്റിക്സ്' എന്ന വാക്കിന്റെ ഉല്പത്തി. വാദപ്രതിവാദമെന്നേ ഇതിനർത്ഥമുള്ളൂ. പക്ഷേ, പ്രതിപക്ഷങ്ങളിലുള്ള യുക്തിവൈരുദ്ധ്യം തെളിയിച്ച് അതിനു പരിഹാരമുണ്ടാകുംവിധം ഒരു തൃതീയപക്ഷം സ്ഥാപിക്കുക—ഇങ്ങനെയൊരു വാദരീതി സോക്രട്ടീസിന്റെയും പ്ലേറ്റോവിന്റെയും കാലത്തു ഗ്രീസിൽ നടപ്പുണ്ടായിരുന്നു. ഇതാണ് ഡയലക്റ്റിക്സിന്റെ ആദ്യരൂപം. പൂർവപക്ഷം കാണിച്ച സമാധാനം പറഞ്ഞു സിദ്ധാന്തം സ്ഥാപിക്കുന്ന പ്രാചീനഭാരതീയരുടെ ഉപപാദനരീതിയും. ഏതാണ്ടിതിനോടു സാദൃശ്യം വഹിക്കുന്നുണ്ട്. Thesis, Antithesis, Synthesis എന്ന മൂന്നെണ്ണം പ്രസ്തുത വാദത്തിന്റെ ഘടകങ്ങളാണ്. ഇവയ്ക്കു സമാനങ്ങളായ മലയാളപദങ്ങൾ കണ്ടുപിടിക്കാൻ വിഷമമത്രെ. പക്ഷം, പ്രതിപക്ഷം, സംയോജനം എന്നോ മറ്റോ പറയാം. നമ്മുടെ ചിന്താലോകത്തിലുള്ള പരസ്പരവൈപരീത്യങ്ങളെയും അവയുടെ സംഘട്ടനങ്ങളെയും വെളിപ്പെടുത്തുകയാണ് സത്യം തെളിയിക്കാനുള്ള പ്രധാനമാർഗമെന്നു പ്രാചീനകാലത്തു പല തത്ത്വചിന്തകന്മാരും വിശ്വസിച്ചിരുന്നു. എന്നാൽ കേവലം ഒരു വാദസമ്പ്രദായമായി ഗണിക്കപ്പെട്ടിരുന്ന ഈ നിരൂപണപദ്ധതിയെ പ്രപഞ്ചതത്ത്വാന്വേഷണത്തിനാധാരമാക്കിക്കൊണ്ടുവന്ന് അതിന്റെ വിപ്ലവസ്വഭാവം ആദ്യമായി വെളിപ്പെടുത്തിയത് ഹെഗൽ (Hegel)എന്ന ജർമ്മൻ തത്വജ്ഞാനിയാണ്.



കാറൽ മാർക്സ്

പത്തൊൻപതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്ന ഹെഗൽ ഈ വിചാരസരണിയിൽ കൂടി അന്നത്തെ തത്ത്വജ്ഞാനമണ്ഡലത്തിൽ ഒരു പരിവർത്തനം വരുത്തി. പരമവും സനാതനവുമായ സത്യത്തെ ലക്ഷ്യമാക്കിയുള്ള യുക്തിവിചാരമാണല്ലോ സാമാന്യമായി തത്ത്വശാസ്ത്രങ്ങളിൽ കാണപ്പെടുന്നത്. എന്നാൽ ഹെഗലിന്റെ വൈരുദ്ധ്യവാദം അങ്ങനെയൊന്നില്ലെന്നു തെളിയിച്ചു. പ്രകൃതി ജീവിതം ചിന്താശക്തി എന്നിവ സമസ്തവും അനവരതചലനവും പരിണാമവും ഉൾക്കൊള്ളുന്ന അനാദ്യന്തമായൊരു മഹാപ്രവാഹമാണ്. മനുഷ്യന്റെ ചിന്തയ്ക്കും കർമ്മശക്തിക്കും ആത്യന്തികത്വം (Finality) നൽകി. നിരന്തരമായ ജീവിതവികാസത്തിനും വിജ്ഞാനധാരയ്ക്കും പൂർണ്ണവിരാമം ഇടുകയെന്നത് യുക്തിവിരുദ്ധവും പ്രകൃതി വിരുദ്ധവും ആകുന്നു. മനുഷ്യൻ കണ്ടെത്തുന്ന സത്യം സദാപി ആപേക്ഷികമായിരിക്കും. സർവനിരപേക്ഷമായ ബോധം ഒന്നിനെപ്പറ്റിയും ഉണ്ടാകുന്നതല്ല. ഭൗതികമായ സകലത്തിൽ നിന്നും വിട്ട്. ഒന്നിനോടും ബന്ധപ്പെടാതെ ഒരു കേവലസത്തയോ കേവലസത്യമോ (Absolute Truth) ഉണ്ടാകാൻ വഴിയില്ലെന്നു ശാസ്ത്രം അസന്ദിഗ്ദ്ധമായി തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. ഇത്തരം സത്തയും സത്യവും തേടിപ്പോയ തത്ത്വജ്ഞാനികൾ കെട്ടിപ്പടുത്ത ആദർശവാദം അഥവാ ആശയവാദം (Idealism) മനുഷ്യജീവിതവുമായി ബന്ധപ്പെടാത്ത ഒരു ഭാവനാലോകം മാത്രമായിത്തീർന്നു. ഹെഗലിന്റെ വൈരുദ്ധ്യവാദം ഈ മാതിരി തത്ത്വഭാവനയുടെ അന്തഃശ്ശൂന്യത വെളിപ്പെടുത്തി. ഈ വിപരീതവാദരീതിയനുസരിച്ച് ഹെഗൽ തികച്ചും ഒരു ഭൗതികവാദിയാകേണ്ടതായിരുന്നു. എന്നാലെന്തൊരു വൈപരീത്യമാണെന്നു നോക്കുക. തന്റെ സിദ്ധാന്തകൂടം രൂപപ്പെടുത്തിയപ്പോൾ അദ്ദേഹം ആശയവാദിയായിപ്പരിണമിച്ചുപോയി. പ്രപഞ്ചത്തിന്റെ ആദികാരണമായിട്ടൊരു തത്ത്വത്തെ—ആശയത്തെ—വേദാന്തഭാഷയിൽ പറഞ്ഞാൽ ചിത്തിനെ—അദ്ദേഹം സങ്കല്പിച്ചു. അതിനാണ് സത്തയുള്ളത് പ്രപഞ്ചം അതിന്റെ പരിണാമഭേദം മാത്രമാണെന്നദ്ദേഹം വിശ്വസിച്ചു. ചുരുക്കത്തിൽ കർത്തൃനിഷ്ഠമായ സത്യത്തിന് (Subjective Truth) ഹെഗൽ പ്രാധാന്യം കൊടുത്തു. വസ്തുനിഷ്ഠമായ സത്യത്തെ (Objective Truth) അദ്ദേഹം വിഗണിച്ചുകളഞ്ഞു. ഇങ്ങനെ തന്റെ വൈരുദ്ധ്യവാദവുമായി പൊരുത്തപ്പെടാത്ത ഒരു സിദ്ധാന്തത്തിലാണ് ഹെഗൽ അവസാനം എത്തിച്ചേർന്നത്. അതുകൊണ്ട് അദ്ദേഹത്തെ അനുഗമിച്ച യുക്തിവാദികളായ ചിന്തകന്മാർ പ്രസ്തുത സിദ്ധാന്തം സ്വീകരിക്കാതെ അതിൽ പ്രതിഫലിക്കുന്ന വൈരുദ്ധ്യവാദരീതി മാത്രം കൈക്കൊണ്ടു ഈ ചിന്തകന്മാരിൽ പ്രഥമഗണനീയനാണ് കാറൽ മാർക്സ്.



ഏംഗൽസ്

വൈരുദ്ധ്യവാദം വിശ്വവ്യാപകമായിത്തീർന്നത് മാർക്സിന്റെ നാമധേയത്തിലാണല്ലോ അദ്ദേഹവും തൽസഹചാരിയായിരുന്ന ഏംഗൽസും കൂടി അതൊന്നു പുതുക്കിപ്പണിതു. ഇന്നത്തെ ഏതു ശാസ്ത്രത്തിന്റെ മുമ്പിലും പ്രമാണമായി പ്രശോഭിക്കത്തക്കവിധം അവർ അതു ശാസ്ത്രീയമാക്കി. ഹെഗലിന്റേതിൽനിന്നു മൗലികമായി വ്യത്യാസപ്പെട്ടതെന്നു മാത്രമല്ല നേരെ വിപരീതം കൂടിയാണ് തന്റെ വൈരുദ്ധ്യവാദമെന്ന് മാർക്സ് പറഞ്ഞിട്ടുണ്ട്. (My dialectic method is fundamentally not only different from the Hegelian but is its direct opposite) ഹെഗൽ പറയുന്നതുപോലെ മനസ്സിന്റെ പ്രതിഫലനമല്ല പദാർത്ഥം. നേരെമറിച്ച് പദാർത്ഥത്തിന്റെ മഹത്തായൊരു വികസിതഫലം മാത്രമാണ് മനസ്സ് (Matter, not a product of the mind but mind itself is merely the highest product of the matter) എന്ന് മാർക്സ് സ്ഥാപിച്ചു. ഹെഗലിന്റെ വൈരുദ്ധ്യവാദതത്ത്വം ആശയത്തിന്റെ സ്വയം വികസനത്തിൽ (Self development) സ്ഥിതി ചെയ്യുന്നു. മാർക്സിന്റേതു പദാർത്ഥത്തിന്റെ സ്വയം വികസനത്തിലും വസ്തുനിഷ്ഠമായ സത്യമാണ് മാർക്സിനു പ്രമാണം. പദാർത്ഥം അഥവാ പ്രകൃതി മിഥ്യയല്ല സത്യമാണെന്ന് അദ്ദേഹം വാദിക്കുന്നു. ഹെഗലിനെ മാർക്സിന്റെ ആചാര്യനായി പരിഗണിക്കുന്നവർ രണ്ടുപേർക്കും തമ്മിലുള്ള ഈ മൗലികവ്യത്യാസം സാധാരണ ഗൗനിക്കാറില്ല. മേൽക്കാണിച്ച പ്രകാരം ശാസ്ത്രീയമായി നവീകൃതമായ വൈരുദ്ധ്യവാദമാകുന്ന മാർക്സിന്റെ ഭുവനപ്രഥിതമായ ഭൗതികവാദത്തിനു സാമ്പത്തികശാസ്ത്രത്തിനും അധിഷ്ഠാനം അദ്ദേഹത്തിന്റെ ഭൗതികവാദം (Dialectical Materialism) പലരും ആക്ഷേപിച്ചിട്ടുള്ള പതിനെട്ടാം നൂറ്റാണ്ടിലെ യാന്ത്രികഭൗതികവാദമല്ലെന്നുള്ള സംഗതിയും ഇവിടെ പ്രത്യേകം ഓർമ്മിക്കണം. മാർക്സിന്റെ വൈരുദ്ധ്യവാദമാണ് ഇനി കൂടുതൽ വിശദീകരിക്കാനുള്ളത്.

ചരാചരാത്മകമായ സമസ്തപ്രപഞ്ചവും—മനുഷ്യന്റെ ജീവിതം, അവന്റെ സാമൂഹ്യഘടന, ചിന്താശക്തി, ആശയസഞ്ചയം എന്നിവയെല്ലാം തന്നെ എല്ലായ്പ്പോഴും ചലിച്ചും മാറിക്കൊണ്ടും ഇരിക്കുന്നു. വിശ്വമെന്നു പറയുന്നത് ഒരു പ്രക്രിയ—അതായാത് പദാർത്ഥം ചരിത്രപ്രക്രിയാനുസാരം വികസിച്ചുകൊണ്ടിരിക്കുകയെന്നതാണ് (Universe is a process, matter developing in an histroical process) എന്ന ഏംഗൽസിന്റെ വാക്യം ഇവിടെ ശ്രദ്ധേയമത്രേ. സർവത്രികങ്ങളായ ചലനനിയമങ്ങൾക്കധീനം സകലതും! എല്ലാം ആഗമാപായികൾ (വന്നും പോയും ഇരിക്കുന്നവ) സ്ഥിരമായ സ്ഥിതി ഒന്നിനുമില്ല. സ്ഥിതിയും ഗതിയും ഏകത്ര പ്രത്യക്ഷപ്പെടുന്നു. അതിവേഗത്തിലുള്ള ഒരു നദീപ്രവാഹം നോക്കു. ഒരു ജലകണം ഒരു സ്ഥാനത്ത് ഒരു നിമിഷം പോലും നിൽക്കുന്നുണ്ടോ? വന്നുചേരുന്ന നിമിഷം തന്നെ അതവിടെനിന്നു പോകുന്നു. സ്ഥാനഭ്രംശം മാത്രമല്ല ആ ജലകണത്തിന്റെ രൂപഘടനയിലും മാറ്റം സംഭവിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ ഒരു വസ്തു ഒരേസമയത്തുതന്നെ തൽപ്രകാരമെന്നും അല്ലെന്നും പറയേണ്ടിവരും. വൈരുദ്ധ്യവാദത്തിലെ പ്രാഥമികതത്ത്വമാണിത്. ഡാർവിൻ അവതരിപ്പിച്ച പരിണാമവാദം ജീവശാസ്ത്രത്തിലെ അണുപുടവികാസം (Development of cells) ഊർജ്ജതന്ത്രത്തിൽ (Physics) സ്ഥാപിതമായ ശക്തിയുടെ രൂപാന്തരത്തങ്ങളും വൈരുദ്ധ്യതത്ത്വാധിഷ്ഠിതമായ പ്രപഞ്ചസ്വഭാവത്തെ ഉദാഹരിക്കുന്നുണ്ട്. വെളിച്ചം, ചൂട്, വിദ്യുച്ഛക്തി മുതലായവ വിശ്വഗർഭത്തിൽ വ്യാപരിക്കുന്ന ഒരേ ചലനപരിണാമാത്മകശക്തിയുടെ അഭിവ്യക്തരൂപമാണല്ലോ. ചലനനിയമമനുസരിച്ച് ഒന്നു മറ്റൊന്നായി മാറുന്നുവെന്നും സയൻസ് തെളിയിച്ചിരിക്കുന്നു.

പദാർത്ഥവികാസം (Development of matter) എങ്ങനെ എന്തുകൊണ്ടു സംഭവിക്കുന്നുവെന്നാണ് ഇനിയറിയേണ്ടത്. വസ്തുക്കളിലും സംഭവങ്ങളിലും നമ്മുടെ ചിന്താമണ്ഡലത്തിൽപ്പോലും വൈപരീത്യങ്ങൾ (Contradictions) അന്തർഭവിച്ചിരിക്കുന്നു. സകല ചലനപരിണാമങ്ങൾക്കും പ്രേരണ നൽകുന്നത് ഈ വിപരീതശക്തികളുടെ ഇതരേതര പ്രവർത്തനം (Interaction) ആകുന്നു. വിപരീതങ്ങളുടെ സംഘട്ടനമാണ് വികാസം (Development is the struggle of opposites) എന്ന് ലെനിൻ പറഞ്ഞിട്ടുള്ളതും ഈ തത്വത്തെ ആസ്പദമാക്കിയാണ്. പദാർത്ഥ വികാസത്തിൽ പ്രവർത്തിക്കുന്ന ചലനനിയമങ്ങളെ മൂന്നായിട്ടു തരം തിരിക്കാം.

1. പരിണാമഭേദത്തിൽനിന്നു ഗുണഭേദത്തിലേക്കുള്ള സംക്രമണം (The law of transition of quantity into quality)
2. വിപരീതങ്ങളുടെ അന്യോന്യാന്തർവേശം (The law of interpenetration)
3. നിഷേധനിഷേധ. (The law of negation of negation)

വൈരുദ്ധ്യവാദത്തിലെ മർമ്മസ്ഥാനീയങ്ങളായ നിയമങ്ങളാണിവ. പാദർത്ഥത്തിന്റെ പരിമാണത്തിൽ (അളവിൽ) വരുന്ന മാറ്റം ഗുണത്തിലും മാറ്റമുണ്ടാക്കുന്നുവെന്നതിനു രസതന്ത്രശാലകളിൽ നടക്കുന്ന സാധാരണ പരീക്ഷണങ്ങൾ തന്നെ തെളിവുകളാണ്. ജലാദിദ്രവ്യങ്ങളുടെ ഘനദ്രവബാഷ്പാവസ്ഥകളിലുള്ള മാറ്റം നോക്കുക. സാമ്പത്തികലോകത്തിലുള്ള ദൃഷ്ടാന്തങ്ങളിൽ ഇതു കൂടുതൽ സ്പഷ്ടീഭവിച്ചു കാണാം. അനേകം ചെറു മുതലാളിമാരിൽ വ്യാപിച്ചുകിടക്കുന്ന മുതലുടമ ഏതാനും പേരിൽ കേന്ദ്രീകരിക്കുമ്പോഴാണല്ലോ വമ്പിച്ച മുതലാളിത്തം സ്ഥാപിതമാകുന്നത്. ഈ പരിമാണഭേദമനുസരിച്ച് മുതലാളിത്തത്തിന്റെ സ്വഭാവത്തിലും മാറ്റം വരുന്നുണ്ട്. അതായത് ചെറുമുതലാളിത്തത്തിനില്ലാതിരുന്ന പല സ്വഭാവവിശേഷങ്ങൾ വമ്പിച്ച മുതലാളിത്തത്തിൽ വന്നുചേരുന്നു. മുതലുടമയുടെ ഈ കേന്ദ്രീകരണം അതിന്റെ പരകോടിയിലെത്തുമ്പോഴാണ് അതിൽതന്നെ മുളച്ചുപൊന്തിയ അടുത്ത പടിയായ പൊതുവുടമയിലേക്കു (സോഷ്യലിസത്തിലേക്കു) സംക്രമിക്കുന്നത്. ഉദാഹരണത്തിനുമാത്രം കൊണ്ടുവന്നതാകയാൽ ഇതധികം വിസ്തരിക്കുന്നില്ല.

ഒരു നദീപ്രവാഹത്തിലെ ചുഴിയും മലർച്ചയും നോക്കിയാൽമതി രണ്ടാമത്തെ നിയമം മനസ്സിലാക്കാൻ ഓരോ ചുഴിയിലും വിപരീതശ്ശക്തികളുടെ പരസ്പരോപമർദ്ദവും ഉൾവലിയലും നടക്കുന്നു. അതൊരു സ്ഫോടനാവസ്ഥയിലെത്തുമ്പോൾ മലർച്ചയായിത്തീരുന്നു. വീണ്ടും എതിർവലിവുകളുണ്ടായിട്ടതിൽ നിന്നും ചുഴി രൂപപ്പെടുന്നു. രണ്ടാമത്തെ ചുഴി ആദ്യത്തേതുപോലെയിരിക്കുന്നുവെന്നു തോന്നാമെങ്കിലും വാസ്തവത്തിലതു വ്യത്യസ്തമാണ്. ഇപ്രകാരം ചുഴിയും മലർച്ചയും ഇടകലർന്ന തുടർച്ചയോടും ഇടർച്ചയോടും കൂടി പ്രവാഹം പുരോഗമിക്കുന്നതുപോലെയാകുന്ന പ്രപഞ്ചഗതിയും. ഇരുഭാഗത്തും സംഭൃതമാകുന്ന ശക്തികളുടെ കർഷണവികർഷണങ്ങൾ പ്രത്യക്ഷപ്പെടുത്തുന്ന വടം വലി(Tug of war)യിലും ഈ നിയമം പ്രവർത്തിക്കുന്നതു കാണാം. ശക്തിപ്രസരം ഒരുതരം തുടർച്ചയോടു കൂടിയാണ് നടക്കുന്നതെന്നു സ്ഥാപിച്ചിട്ടുള്ള സയൻസിലെ പുതിയ സിദ്ധാന്തം—ക്വാണ്ടം തിയറി (Quantum Theory) ഈ തത്ത്വത്തെ എന്തുമാത്രം അനുകൂലിക്കുന്നുണ്ടെന്നു നോക്കുക.

മൂന്നാമത്തേതായ നിഷേധനിഷേധനിയമം എളുപ്പം ഗ്രഹിക്കാവുന്ന ഒന്നത്രേ, ചരിത്രം. ജന്തുലോകം, ഭൂഗർഭശാസ്ത്രം, ഗണിതം, തച്ചശാസ്ത്രം, ചരിത്രം ഇവയിൽനിന്നെല്ലാം ഇതിന് ഉദാഹരണങ്ങൾ എംഗൽസ് എടുത്തുകാണിച്ചിട്ടുണ്ട്. മണ്ണിൽ വീഴുന്ന ഒരു വിത്തിന്റെ പരിണാമം പരിശോധിക്കാം. തണുപ്പ്, ചൂട് മുതലായവയുടെ പ്രവർത്തനത്തിൽ അതു മുളച്ചുവരുന്നു. അതോടുകൂടി ആ വിത്തിന്റെ തദ്പ്രകാരത്വം നശിക്കുന്നു—അതായത് വിത്തെന്ന നിലയിലുള്ള അതിന്റെ ജീവിതം അവസാനിക്കുന്നു. വൈരുദ്ധ്യവാദത്തിലെ ഭാഷയിൽ പറഞ്ഞാൽ ബീജം നിഷേധിക്കപ്പെടുന്നു (The seed is negated) എന്നു സാരം തൽസ്ഥാനത്തു ചെടിയാണല്ലോ പൊന്തിവരുന്നത്. ബീജത്തിന്റെ നിഷേധമാണ് ചെടി. അതു വളർന്നുവന്നു വീണ്ടും വിത്തുകൾ ഉല്പാദിപ്പിക്കുന്നതോടുകൂടി നശിച്ചുപോകുന്നു. അപ്പോൾ രണ്ടാമത്തെ വിത്തു ചെടിയുടെ അതായതു നിഷേധത്തിന്റെ നിഷേധമായി. രണ്ടു വിത്തുകളും ഒരിനമാണെങ്കിലും രണ്ടിനും തമ്മിൽ വ്യത്യാസമുണ്ട്. ഗുണത്തിൽ രണ്ടാമത്തേതു മുന്നിട്ടുനിന്നേക്കാം. ഗുണപരമായ ഈ വ്യത്യാസം അല്പായുസ്സായതിനാൽ നാം കാണുന്നില്ലെന്നേയുള്ളൂ. ബീജത്തിനുള്ളിൽ ചിലപ്പോൾ സംഭവിക്കുന്ന യാദൃച്ഛികപരിണാമം (Mutation) കൊണ്ടു വർഗവ്യത്യാസം തന്നെ പെട്ടെന്നു വന്നുചേരാമെന്നു ജീവശാസ്ത്രകാരന്മാർ തെളിയിച്ചിട്ടുണ്ട്. രണ്ടു നിഷേധങ്ങളുടെ ഫലമായി പരിണാമപുരോഗതിയിൽ ഒരു നവീനസൃഷ്ടി നടക്കുന്നു എന്നു സാമാന്യമായി പറയാം. ഗണിതശാസ്ത്രത്തിൽ $-a$ എന്നു പറയുന്നത് $a$-യുടെ നിഷേധമാണല്ലോ. അതിനെ അതേ നിഷേധം കൊണ്ടു ഗുണിക്കുമ്പോൾ കിട്ടുന്നതെന്താണ്. $a \times a = a^2$ എന്ന ഗുണനഫലം ഘടകങ്ങളെക്കാൾ എത്ര ഉയർന്നിരിക്കുന്നു! ഇതുപോലെ പുതിയ വിത്തിനു പൂർവനിഷേധങ്ങളുടെ ഫലമായി ഗുണത്തിലുയർച്ചവരാം. ഇങ്ങനെ അധസ്തലങ്ങളിൽനിന്നും ഉപരിതലങ്ങളിലേക്കു—ലഘുരൂപങ്ങളിൽനിന്നും സങ്കീർണരൂപങ്ങളിലേക്ക്—വികസിക്കുക എന്നതാണ് പ്രകൃതിയുടെ സാമാന്യസ്വഭാവമെന്നിരുന്നാലും അതിനു വ്യത്യസ്തമായി ചിലപ്പോൾ താൽക്കാലികമായ അധഃപതനങ്ങളും ഉണ്ടാകുമെന്നു വൈരുദ്ധ്യവാദികൾ സമ്മതിക്കുന്നുണ്ട്. അധഃപതത്തിനു ഹേതുഭൂതങ്ങളായ പിന്തിരിപ്പൻ ശക്തികളെ എതിർക്കുകയും പുരോഗതിയെ ത്വരിപ്പിക്കുകയും ചെയ്യുകയെന്നതു ബോധവാനായ മനുഷ്യന്റെ ചുമതലയാകുന്നു.

ലോകപുരോഗതിക്ക് ഒന്നാമത്തെ സാക്ഷി ചരിത്രമാണല്ലോ. സാമൂഹ്യവും സാമ്പത്തികവുമായ എന്തെല്ലാം ഘടനകളിൽക്കൂടി മനുഷ്യൻ കടന്നുപോകുന്നു. പ്രാകൃതകമ്യൂണിസം, ഫ്യൂഡലിസം, ക്യാപ്പിറ്റലിസം ഇങ്ങനെ ഓരോ സാമ്പത്തിക ദശയും അതിനടുത്തതിനാൽ തിരസ്കൃതമായിവരികയാണ്. തത്ത്വശാസ്ത്രരംഗത്തിലും ഇതിനു സമാനമായ നിഷേധം കാണാം ഒരു തരം പ്രാകൃതഭൗതികവാദം (Primitive Natural Materialism) ആയിരുന്നു ആദിമദശയിൽ പ്രചരിച്ചിരുന്നത്. അനന്തരം ആത്മതത്ത്വവും ഏകദൈവവിശ്വാസവും ഉൾക്കൊണ്ട ആദർശവാദത്താൽ ആദ്യത്തേതു തിരസ്കൃതമായി ആദർശവാദത്തിന്റെ വളർച്ച ഏറെക്കാലം നീണ്ടുനിന്നു ഇപ്പോൾ പുതിയ ഭൗതികവാദത്താൽ ആദർശവാദം നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കയാണ്. വൈരുദ്ധ്യവാദാധിഷ്ഠിതമായ ഈ നവീനഭൗതികവാദം ആദ്യത്തേതിൽനിന്ന് എത്രയെത്ര വ്യത്യസ്തവും പരിഷ്കൃതവും വികസിതവുമാണെന്ന് ഇനി പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

നവീന ഭൗതികവാദികൾ പ്രപഞ്ചത്തെ വെറും ഒരു യന്ത്രമായിട്ടല്ല ഗണിക്കുന്നതെന്നു മുമ്പ് സൂചിപ്പിച്ചിട്ടുണ്ട് വളർന്നു വരുന്ന ജീവത്തായ ഒരു രൂപഘടന (A living organisam) എന്ന നിലയാണ് അതിനുള്ളത്. എന്നാൽ, ഈ വളർച്ചയ്ക്കും വികാസത്തിനും പ്രകൃത്യാതീതമായ ഒരു ദിവ്യശക്തിയുടെ സാന്നിദ്ധ്യം ആവശ്യമില്ല. സ്വയം വികാസം എന്നു പറഞ്ഞപ്പോൾത്തന്നെ ഏതദാശയം സിദ്ധമായി മനസ്സ്, ശക്തി, ചൈതന്യം ഇവയ്ക്കൊന്നിനും പദാർത്ഥവ്യതിരിക്തമായ അസ്തിത്വമില്ല കണ്ണാടിയുടെ പ്രതിഫലനശക്തിയെന്നതുപോലെ അവയെല്ലാം പദാർത്ഥത്തിന്റെ ഏറ്റവും ഉൽകൃഷ്ടമായ പ്രകാശം മാത്രമാണെന്ന് ഇവിടെ വീണ്ടും എടുത്തുപറയേണ്ടിയിരിക്കുന്നു. ജീവിതം അണുപ്രാണികൾ തുടങ്ങിയ ലഘുരൂപങ്ങളിൽ ആരംഭിച്ചു ബഹുവിധ സങ്കീർണരൂപങ്ങളിൽക്കൂടി താരതമ്യേന ഏറ്റവും മഹത്തായ മർത്ത്യപദത്തിലെത്തിയപ്പോൾ അവിടെ ബോധമണ്ഡലം കൂടുതൽ പ്രകാശമാനമായി—അത്രമാത്രം!

ഡയലക്റ്റിക്സ് എന്നു പറഞ്ഞാലെന്താണെന്ന് ഇത്രയും കൊണ്ട് ഒരു വിധം വിശദമായെന്നു വിശ്വസിക്കുന്നു. ഏംഗൽസിന്റെ ഒറ്റവാക്യത്തിൽ അതിനിങ്ങനെയൊരു നിർവചനം കൊടുക്കാം. പ്രകൃതി, മനുഷ്യസമുദായം, ചിന്താലോകം ഇവയുടെ ചലനവികാസങ്ങളെ സംബന്ധിക്കുന്ന സാമാന്യനിയമങ്ങളുടെ സയൻസാണ് ഡയലക്റ്റിക്സ് (Dialectics is nothing more than the science of the general laws of motion and development of nature, human society and thought) പോരാ അതു വിപ്ലവത്തിന്റെ 'ഫിലോസഫി'യുമാണെന്നു പറഞ്ഞാലേ പൂർണമാകൂ. സാധാരണ തത്ത്വജ്ഞാനസിദ്ധാന്തങ്ങളെപ്പോലെ ഗ്രന്ഥങ്ങളിൽ ഉറങ്ങിക്കിടക്കുന്ന വെറുമൊരു സിദ്ധാന്തമല്ലെന്നുള്ളതാണ് ഇതിനുള്ള വൈശിഷ്ട്യം. തന്റെ സാമ്പത്തിക ശാസ്ത്രത്തിൽ സമന്വയിപ്പിച്ച് മാർക്സ് അതൊരു കർമ്മപരിപാടിയുമാക്കിത്തീർത്തു. അതുകൊണ്ടാണ് ഇന്നത് ജീവിക്കുന്നതും ജനസമൂഹത്തെ ജാഗ്രത്താക്കി അവകാശസമരത്തിനണിനിരത്തുന്നതും. അത്ഭുതവഹമല്ലേ ഈ പ്രതിഭാ പ്രഭാവന്റെ ദീർഘദർശിത്വം?

വിമർശനരശ്മി 1947.

□

# കുറ്റിപ്പുഴ കൃഷ്ണപിള്ള



ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറുങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

## കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014